6403
6/6/15

# കേരള സർക്കാർ

സംഗ്രഹം

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്- ജീവനക്കാര്യം - തൊടുപുഴ മുൻസിപ്പാലിറ്റിയിലെ പട്ടികജാതി വികസന ആഫീസർ ഗ്രേഡ് II തസ്തിക ദേവികുളം പട്ടികജാതി വികസന ആഫീസിലേയ്ക്ക് മാറ്റുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

====================================================================

## പട്ടികജാതി പട്ടികവർഗ്ഗ വികസന (സി) വകുപ്പ്

**സ.ഉ.(സാധാ)നം.887/2015/പജപവവിവ** **തിരുവനന്തപുരം,തീയതി 03.06.2015**

====================================================================

പരാമർശം: 1. കാന്തല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 13.06.14-ലെ കത്ത്.
2. 26.03.2015-ലെ പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ Estt.A3 -19182/14 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1)-ലെ കത്ത് പ്രകാരം കാന്തല്ലൂർ, മറയൂർ ഗ്രാമപഞ്ചായത്തുകൾ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരാണ് കൂടുതലും താമസിക്കുന്നതെന്നും ഇവരുടെ ആവശ്യം പരിഗണിച്ച് ടി പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് ഒരു പട്ടികജാതി വികസന ആഫീസ് തുടങ്ങണമെന്ന് കാന്തല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിക്കുകയുണ്ടായി.

2. ദേവികുളം ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ വരുന്ന കാന്തല്ലൂർ, മറയൂർ ഗ്രാമപഞ്ചായത്തുകളിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരാണ് കൂടുതലും താമസിച്ച് വരുന്നതെന്നും ടി പഞ്ചായത്തുകൾ ബ്ലോക്ക് ആസ്ഥാനത്തു നിന്നും 40 KM ദൂരം സ്ഥിതി ചെയ്യുന്നവ ആയതിനാലും യാത്രാസൗകര്യം കുറവായതിനാലും പട്ടികജാതി ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നതിന് ദേവികുളം പട്ടികജാതി വികസന ഓഫീസിന് വളരെയേറെ അടിസ്ഥാന പരിമിതികളുണ്ടെന്നും നിലവിൽ പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് II തസ്തികയുള്ള തൊടുപുഴ മുൻസിപ്പാലിറ്റിയിൽ ജോലിഭാരം കുറവായതിനാൽ തൊടുപുഴ മുൻസിപ്പാലിറ്റിയിലെ പട്ടികജാതി വികസന ആഫീസർ ഗ്രേഡ് II തസ്തിക,ദേവികുളം പട്ടികജാതി വികസന ആഫീസിലേയ്ക്ക് മാറ്റി കൊണ്ട് ഗ്രേഡ് I ആഫീസർ തന്നെ ഗ്രേഡ് II പട്ടികജാതി വികസന ആഫീസിന്റെ പ്രവർത്തനം തുടങ്ങാവുന്നതാണെന്നും പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ശുപാർശ ചെയ്ത പ്രകാരം ജോലിഭാരം കൂടുതലുള്ള ദേവികുളം പട്ടികജാതി വികസന ആഫീസിലേയ്ക്ക് താരതമ്യേന ജോലിഭാരം കുറവായ തൊടുപുഴ മുൻസിപ്പാലിറ്റിയിലെ പട്ടികജാതി വികസന ആഫീസർ ഗ്രേഡ് II തസ്തിക മാറ്റുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**അജയൻ സി.**
**അണ്ടർ സെക്രട്ടറി.**

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം
പ്രസിഡന്റ്, കാന്തല്ലൂർ ഗ്രാമപഞ്ചായത്ത്, കാന്തല്ലൂർ പി.ഒ, ഇടുക്കി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ് സെക്ടർ ആഡിറ്റ്)) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ (വെബ് &ന്യൂ മീഡിയ), ഐ & പി.ആർ.ഡി.
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.